പതിമൂന്നാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4451 — 28.6.2012 ൽ മറുപടിയ്ക്ക്

## രജിസ്ട്രേഷൻ വകുപ്പിന്റെ വരുമാനം

**ചോദ്യം**

ശ്രീ.എം.ഹംസ :

**ഉത്തരം**

ശ്രീ.അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും
ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 01-06-2012 വരെ രജിസ്ട്രേഷൻ വകുപ്പ് മുഖേന സംസ്ഥാന ഖജനാവിനുണ്ടായ വരുമാനത്തിൽ മുൻ കാലങ്ങളെ അപേക്ഷിച്ച് ഗണ്യമായ കുറവു വന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; എങ്കിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് എത്ര കുറവു വന്നു എന്ന് വെളിപ്പെടുത്തുമോ ;

(എ) കുറവു വന്നിട്ടില്ല.

(ബി) സംസ്ഥാന ഖജനാവിലേക്ക് രജിസ്ട്രേഷൻ വകുപ്പ് മുഖാന്തിരം 2006 മുതൽ 2011 മാർച്ച് മാസം വരെ ലഭിച്ച വരുമാനത്തിന്റെ കണക്ക് വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) രജിസ്ട്രേഷൻ മുദ്രയും ഫീസും

| | |
|---|---|
| 2005-06 | 988.24 കോടി രൂപ |
| 2006-07 | 1383.08 കോടി രൂപ |
| 2007-08 | 1872.89 കോടി രൂപ |
| 2008-09 | 1865.82 കോടി രൂപ |
| 2009-10 | 1731.58 കോടി രൂപ |
| 2010-11 | 2329.22 കോടി രൂപ |

RTI Act പ്രകാരമുള്ള ഫീസ്

2005-06 ൽ 356/- രൂപ
2006-07 ൽ 684/- രൂപ
2007-08 ൽ 2495/- രൂപ
2008-09 ൽ 2766/- രൂപ
2009-10 ൽ 784/- രൂപ
2010-11 ൽ 568/- രൂപ

Non Trading Companies Act പ്രകാരമുള്ള ഫീസ്

2006-07 ൽ 4408/- രൂപ
2007-08 ൽ 8880/- രൂപ
2008-09 ൽ 1470- രൂപ
2009-10 ൽ 10130/- രൂപ
2010-11 ൽ 8680/- രൂപ

ഫേം രജിസ്ടേഷൻ

2006-07 ൽ 98789/- രൂപ
2007-08 ൽ 100078/- രൂപ
2008-09 ൽ 100169/- രൂപ
2009-10 ൽ 109567/- രൂപ
2010-11 ൽ 107919/- രൂപ

| | | |
|---|---|---|
| (സി) | 2011 ജൂൺ മുതൽ 2012 മേയ് മാസം വരെ എന്ത് തുകയാണ് രജിസ്ട്രേഷൻ വകുപ്പ് മുഖാന്തിരം ലഭിച്ചതെന്ന് വ്യക്തമാക്കുമോ ; | (സി). രജിസ്ട്രേഷൻ മുദ്രയും ഫീസും ഇനത്തിൽ 2791.96 കോടി<br>RTI Act പ്രകാരം 1999/- രൂപ.<br>Non Trading Companies Act പ്രകാരം 7128/- രൂപ.<br>ഫേം രജിസ്ടേഷൻ പ്രകാരം 108640/- രൂപ. |
| (ഡി) | സംസ്ഥാനത്ത് ന്യായവില നടപ്പിലാക്കാത്ത ഏതെല്ലാം പ്രദേശങ്ങൾ ആണ് നിലവിലുള്ളത് ; പ്രസ്തുത പ്രദേശങ്ങൾ എന്തുകൊണ്ടാണ് ന്യായവില നടപ്പിലാക്കാത്തതെന്ന് വ്യക്തമാക്കുമോ ; | (ഡി) കേരള മുദ്രപത്ര നിയമം 28(എ) വകുപ്പ് പ്രകാരം, സംസ്ഥാനത്തെ 21 റവന്യു ഡിവിഷണൽ ഓഫീസർമാരുടേയും അധികാര പരിധിയിൽ വരുന്ന, സർക്കാർ പുറമ്പോക്ക് ഒഴികെയുള്ള, ഭൂമിയുടെ ന്യായവില നിശ്ചയിച്ച്, 06-03-2010-ലെ അസാധാരണ ഗസറ്റ് 515 (1 മുതൽ 22 വരെ) പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഇ) | ന്യായവില നടപ്പിലാക്കാത്തത് വരുമാന ചോർച്ചയ്ക്ക് ഇടയാക്കി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പ്രദേശങ്ങളിൽ ന്യായവില സംവിധാനം അടിയന്തിരമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ; എങ്കിൽ എന്നത്തേക്ക് നടപ്പിലാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ; | (ഇ) 'ഡി' ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല. |

| | |
|---|---|
| (എഫ്) സംസ്ഥാനത്തെ വിലയാധാരങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ എത്ര തുകയാണ് ഫീസായി ചുമത്തുന്നത്; വിശദാംശം ലഭ്യമാക്കുമോ ; | (എഫ്) വിലയാധാരങ്ങൾക്ക്, രജിസ്ട്രേഷൻ ഫീസ് പട്ടിക ആർട്ടിക്കിൾ I (a) (i) അനുസരിച്ച്, വിലയുടെ 2% നിരക്കിൽ രജിസ്ട്രേഷൻ ഫീസ് ഈടാക്കുന്നുണ്ട്. |
| (ജി) സംസ്ഥാനത്തെ സെറ്റിൽമെന്റ് ഡീഡുകൾക്ക് എത്ര രൂപയാണ് ഫീസായി നിശ്ചയിച്ചിരിക്കുന്നത്; ഏത് മാനദണ്ഡ പ്രകാരമാണ് ഫീസ് നിശ്ചയിച്ചത് ; പ്രസ്തുത ഫീസ് നിർണ്ണയത്തിൽ അപാകതയുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ? | (ജി) 18-04-2012- ലെ, ജി.ഒ.(പി) 73/2012/റ്റി.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, രജിസ്ട്രേഷൻ ഫീസ് പട്ടിക ആർട്ടിക്കിൾ I (a) (i) നോട്ട് (viii) അനുസരിച്ച്, കുടുംബാംഗങ്ങൾക്കിടയിലുള്ള ധനനിശ്ചയാധാരങ്ങൾക്ക് (settlement) വിലയുടെ 1% നിരക്കിൽ രജിസ്ട്രേഷൻ ഫീസ് ഈടാക്കുന്നു. അല്ലാതെയുള്ള ധനനിശ്ചയാധാരങ്ങൾക്ക്, രജിസ്ട്രേഷൻ ഫീസ് പട്ടിക ആർട്ടിക്കിൾ I (a) (i) അനുസരിച്ച്, വിലയുടെ 2% നിരക്കിൽ രജിസ്ട്രേഷൻ ഫീസ് ഈടാക്കുന്നു.<br>ടി ഫീസ് നിർണ്ണയത്തിൽ അപാകതയുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ